## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം.*101

02/03/2017 ൽ
മറുപടിയ്ക്ക്

## സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറക്കാത്ത നടപടി

ചോദ്യം
ശ്രീ.എം.നൗഷാദ്
ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ
ശ്രീ.എം.മുകേഷ്
ശ്രീമതി.പി.അയിഷാ പോറ്റി

ഉത്തരം
ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ
(മത്സ്യബന്ധനവും ഹാർബർ
എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും
വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറക്കണമെന്ന് ആവശ്യപ്പെട്ട് നിരാഹാര സമരം ചെയ്ത പൊതു പ്രവർത്തകന് ജീവൻ നഷ്ടപ്പെട്ടിട്ടും ധാർഷ്ട്യം നിറഞ്ഞ നിലപാട് സ്വീകരിക്കുന്നതായി ആക്ഷേപമുള്ള മുതലാളിമാർക്കെതിരെ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ ; | (എ) | സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കാൻ ബഹു.ഫിഷറീസ് & കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രിയും, ബഹു.മുഖ്യമന്ത്രിയും പ്രത്യേകം യോഗങ്ങൾ വിളിച്ചു ചേർക്കുകയും ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ വ്യവസായി കളിൽ നിന്നും തന്നെ മനസ്സിലാക്കി പരിഹാര മാർഗ്ഗങ്ങൾ സ്വീകരിച്ചു വരികയുമാണ്. ബഹു.മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ തോട്ടണ്ടി കൈ വശമുള്ളവർ ഫാക്ടറി തുറക്കാത്ത വിഷയം പരിഗണിക്കുകയും കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ മുഖ്യമന്ത്രി കശുവണ്ടി വ്യവസായികളോട് അഭ്യർത്ഥി ക്കുകയുമുണ്ടായി. സംസ്ഥാനത്തെ 800 ലധികം സ്വകാര്യ കശുവണ്ടി ഫാക്ടറി കളിൽ ഭൂരിഭാഗവും അടഞ്ഞുകിടന്നിരുന്ന സ്ഥിതിയിൽ നിന്നും ഈ സർക്കാരിന്റെ നിരന്തര ഇടപെടലിനെത്തുടർന്ന് 428 ലധികം ഫാക്ടറികൾ ഇതിനകം തുറന്നു പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കശുവണ്ടി ഫാക്ടറികൾ അടഞ്ഞു കിടക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളിൽ കൊല്ലം ജില്ലാ ലേബർ |

| | | | |
|---|---|---|---|
| | | | ഓഫീസർ നടത്തിയ അനുരഞ്ജന ചർച്ചകളിൽ 6 ഫാക്ടറികൾ തുറന്നു പ്രവർത്തിക്കുവാൻ ധാരണയായിട്ടുണ്ട്. മാനേജ്മെന്റ് ഹാജരാകാത്ത 5 പരാതികൾ അഡ്ജ്യൂഡിക്കേഷന് റഫർ ചെയ്യുകയും, അനുരഞ്ജന ചർച്ചകളിൽ ഒത്തുതീർപ്പാകാത്ത 15 പരാതികൾ പ്രശ്നപരിഹാരത്തിനായി കൊല്ലം റീജിണയൽ ജോയിന്റ് കമ്മീഷണർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.ഫാക്ടറികൾ മനപൂർവ്വം അടച്ചിട്ട് തൊഴിലാളികൾക്ക് തൊഴിൽ നൽകാതിരിക്കുന്ന വ്യവസായികൾക്കെതിരെ ശക്തമായ നടപടികൾ എടുക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. റൂൾ 127 (3) പ്രകാരമുള്ള നോട്ടീസ് പോലും നൽകാതെയാണ് മനപൂർവ്വം പല ഫാക്ടറികളും അടച്ചിട്ടിരിക്കുന്നത്. ഈ നടപടി മൂലം തൊഴിലാളികളെ ദുരിതത്തിലാക്കിയതിനുള്ള ശിക്ഷാ നടപടികൾക്ക് വ്യവസായികൾ ബാദ്ധ്യസ്ഥരാകും. ഇക്കാര്യങ്ങൾ കാണിച്ച് കൊണ്ട് കാഷ്യൂ സ്പെഷ്യൽ ഓഫീസർ അടഞ്ഞുകിടക്കുന്ന ഫാക്ടറികൾക്ക് നോട്ടീസും നൽകിയിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രിയും കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിയും നടത്തിയ ചർച്ചയെ തുടർന്ന് വി.എൽ.സി ഉൾപ്പെടെയുള്ള കശുവണ്ടി മുതലാളിമാർ അവരുടെ ഫാക്ടറികൾ വരും മാസങ്ങളിൽ തുറന്നു പ്രവർത്തിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതോടൊപ്പം ഈ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ പഠനവിധേയമാക്കാനും ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | വൻതോതിൽ തോട്ടണ്ടി സ്റ്റോക്കുണ്ടായിട്ടും ഫാക്ടറി തുറക്കില്ലെന്നു വാശി പിടിക്കുന്ന മുതലാളിമാരുടെ ഫാക്ടറികൾ കശുവണ്ടി വികസന കോർപ്പറേഷൻ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നത് പരിഗണിക്കുമോ ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കാഷ്യൂ സ്പെഷ്യൽ ഓഫീസർ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങളും ഫാക്ടറി തുറപ്പിക്കാനായി | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന സമയം ഭൂരിഭാഗം ഫാക്ടറികളും അടഞ്ഞുകിടന്ന സാഹചര്യത്തിൽ, |

| | | | |
|---|---|---|---|
| | സ്വീകരിച്ച നടപടികളും അറിയിക്കാമോ ? | | സർക്കാർ നിർദ്ദേശ പ്രകാരം വാണിജ്യ നികുതി വകുപ്പിലെ ഉദ്യോഗസ്ഥർ ഉൾപ്പെട്ട സ്ക്വാഡ് സ്പെഷ്യൽ ഓഫീസറുടെ മേൽനോട്ടത്തിൽ ഫാക്ടറികളിൽ പരിശോധന നടത്തിയിരുന്നു. അവയിൽ ചില ഫാക്ടറികളിൽ തോട്ടണ്ടി നീക്കിയിരുപ്പ് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ നോട്ടീസ് നൽകിയിരുന്നു. ഫാക്ടറീസ് റൂൾ(5) പ്രകാരം ഫാക്ടറികൾക്ക് ലൈസൻസ് അനുവദിക്കുന്നത്, തുറന്ന് പ്രവർത്തിപ്പിച്ച് തൊഴിലാളികൾക്ക് തൊഴിൽ നൽകാമെന്ന വ്യവസ്ഥയിൽ കൂടിയാണ്. പൊതുജനക്ഷേമം ലക്ഷ്യമിട്ടിരിക്കുന്ന സർക്കാരിന് തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ബാദ്ധ്യതയുള്ളതിനാൽ നിരന്തരമായതും ശക്തവുമായ ഇടപെടലിലൂടെ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാൻ ശ്രമിക്കുകയാണ്. റൂൾ 127 (3) പ്രകാരമുള്ള നോട്ടീസ് പോലും നൽകാതെയാണ് പല ഫാക്ടറികളും മനപൂർവ്വമായി അടച്ചിട്ടിരിക്കുന്നത് എന്നതിനാൽ തൊഴിലാളികളെ ദുരിതത്തിലാക്കിയതിനുള്ള ശിക്ഷാ നടപടികൾക്ക് വ്യവസായികൾ ബാദ്ധ്യതരാകും. ഇക്കാര്യങ്ങൾ കാണിച്ച് കൊണ്ട് കാഷ്യൂ സ്പെഷ്യൽ ഓഫീസർ അടഞ്ഞുകിടക്കുന്ന ഫാക്ടറികൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ